## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *29** | **28/01/2019-ൽ മറുപടിക്ക്**

## ജനറിക് മരുന്നുകൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

**ചോദ്യം**

**ശ്രീ.കെ.വി.അബ്ദുൾ ഖാദർ**
**,, കെ.ഡി. പ്രസേനൻ**
**,, എം. രാജഗോപാലൻ**
**,, ആന്റണി ജോൺ**

**മറുപടി**

**കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

**എ)** ബ്രാൻഡഡ് മരുന്നുകൾക്ക് വളരെ ഉയർന്ന വില പരമാവധി ചില്ലറ വില്പന വിലയായി രേഖപ്പെടുത്തിക്കൊണ്ട് നിർമ്മാതാക്കളും വിതരണക്കാരും പാവപ്പെട്ട രോഗികളെ ചൂഷണം ചെയ്യുന്നതിനെതിരെ ജനറിക് മരുന്നുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ നടത്തിയ ഇടപെടലുകൾ എത്രമാത്രം ഫലവത്തായിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

**എ)** സർക്കാർ ആശുപത്രിയിലെ ഡോക്ടർമാർ ജനറിക് മരുന്നുകൾ തന്നെ എഴുതണമെന്ന് സ.ഉ(സാധാ) നം. 1895/2014/ആ.കു.വ തീയതി 9/6/2014, 27/11/2015 ലെ 13305/എഫ്1/2015/ആ.കു.വ സർക്കുലർ എന്നിവ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ നിർദ്ദേശ പ്രകാരം ഇക്കാര്യത്തിൽ വിവിധ വശങ്ങൾ പരിശോധിക്കുന്നതിനായി ആരോഗ്യ-വകുപ്പിൽ Prescription Audit Committee രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ആരോഗ്യ വകുപ്പിനും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിനും കീഴിലുള്ള മുഴുവൻ ആരോഗ്യ സ്ഥാപനങ്ങളിലും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖാന്തിരം സൗജന്യ മരുന്ന് വിതരണപ്രക്രിയയുടെ ഭാഗമായി പൂർണ്ണമായും ജനറിക് മരുന്നുകളാണ് സംഭരിച്ച് വിതരണം ചെയ്യുന്നത്. വാർഷിക ഇന്റന്റിന് ആനുപാതികമായി പ്രതിവർഷം 400 കോടിയോളം രൂപയുടെ ജനറിക് മരുന്നുകളാണ് വിതരണം ചെയ്യുന്നത്. ഇപ്രകാരം വിതരണം ചെയ്യുന്ന മരുന്നുകളുടെ ശ്രേണിയിൽ അർബുദരോഗ ചികിത്സക്കുള്ള മരുന്നുകളും വിദഗ്ധ ചികിത്സ ആവശ്യമായിട്ടുള്ള സ്പെഷ്യാലിറ്റി മരുന്നുകളും ഉൾപ്പെടുന്നു. കൂടാതെ ദേശീയ നഗരാരോഗ്യ പദ്ധതിയുടെ ഭാഗമായിട്ടുള്ള മരുന്നു വിതരണത്തിലും, വിവിധങ്ങളായിട്ടുള്ള കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ ഭാഗമായിട്ടുള്ള മരുന്നുകളുടെ സംഭരണത്തിലും മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖാന്തിരം ജനറിക്

മരുന്നുകളുടെ ശാക്തീകരണം ഉറപ്പാക്കുന്നുണ്ട്.

| | |
|---|---|
| **ബി)** ബ്രാൻഡഡ് മരുന്നുകളുടെ വില നിയന്ത്രണത്തിന് സംസ്ഥാന സർക്കാരിന് അധികാരമില്ലാത്തതിനാൽ മരുന്ന് വ്യാപാരികളുടെ ചൂഷണം പ്രതിരോധിക്കാനായി കാരുണ്യ-കമ്മ്യൂണിറ്റി ഫാർമസികൾ വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ; നിലവിൽ ഇത്തരത്തിൽ എത്ര ഫാർമസികൾ ഉണ്ടെന്നും പുതിയതായി കാരുണ്യ ഫാർമസികൾ തുടങ്ങുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ; | **ബി)** കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ വ്യാപിപ്പിക്കുന്ന കാര്യത്തിൽ സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചു വരുന്നുണ്ട്. നിലവിൽ സംസ്ഥാനത്തുടനീളം 68 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളും 7 കാരുണ്യ മെഡിസിൻ ഡിപ്പോകളും പ്രവർത്തിച്ചുവരുന്നു.<br>നാളിതുവരെ ആരോഗ്യവകുപ്പിനോ, ആരോഗ്യവിദ്യാഭ്യാസവകുപ്പിനോ കീഴിലുള്ള ആരോഗ്യസ്ഥാപനങ്ങളോട് ചേർന്ന് ആശുപത്രി ചുറ്റമതിലിനുള്ളിൽ തന്നെ അടിസ്ഥാനസൗകര്യം ഒരുക്കിയാണ് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിച്ചിട്ടുള്ളത്. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിക്കുന്നതിന് 20 Sq. Meters സ്ഥലം ആവശ്യമാകയാൽ സ്ഥലസൗകര്യം ലഭ്യമാക്കി, മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ അറിയിക്കുന്ന മുറയ്ക്ക് പ്രാഥമിക-വിലയിരുത്തലിനുശേഷം, സർക്കാർ ഉത്തരവ് ലഭ്യമാക്കി കാരുണ്യ ഫാർമസികൾ സജ്ജീകരിക്കുന്ന രീതിയാണ് അവലംബിച്ചുവരുന്നത്. ആശുപത്രികളിൽ നിന്നും ലഭ്യമാക്കുന്ന സ്ഥലത്ത് അടിസ്ഥാനസൗകര്യവികസനം നടത്തി ആവശ്യമായ ജീവനക്കാരെ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നിയമിച്ച് മരുന്നും അനുബന്ധസാധന-സാമഗ്രികളും യഥാവിധി സംഭരിച്ച് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ പ്രവർത്തിപ്പിക്കുക എന്നതാണ് നിലവിലുള്ള പ്രവർത്തനരീതി. സാധാരണഗതിയിൽ പകൽസമയത്ത് മാത്രം പ്രവർത്തിക്കുന്ന കാരുണ്യ ഫാർമസികൾ ഗുണഭോക്താക്കളുടെ ബാഹുല്യവും മറ്റും കണക്കിലെടുത്ത് 24 മണിക്കൂറും പ്രവർത്തിക്കാറുണ്ട്. |

| | |
|---|---|
| **സി)** ജനറിക് മരുന്നുകൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടെ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ആരംഭിച്ചിട്ടുള്ള കേരള ജനറിക്സ് ഫാർമസി വിപുലീകരിക്കാൻ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ? | **സി)** കേരള ജനറിക്സ് ഫാർമസി വിപുലീകരിക്കുന്നതിനുള്ള പദ്ധതി സർക്കാർ പരിശോധിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**